# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 1396 07.06.2018 -ൽ മറുപടിക്ക്

## സമഗ്ര ശിക്ഷാ അഭിയാൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഹൈബി ഈഡൻ | | പ്രൊഫ: സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂൾ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ എന്നിവ സംയോജിപ്പിച്ച് സമഗ്ര ശിക്ഷാ അഭിയാൻ എന്ന പേരിൽ പുതിയ എസ്.എസ്.എ. രൂപീകരിച്ചിട്ടുണ്ടോ ; | എ) യും ബി) യും സി) യും | ടി പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് സമഗ്ര ശിക്ഷാ അഭിയാൻ എന്ന പുതിയ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടി ക്രമങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സൊസൈറ്റികൾ പിരിച്ചുവിടുന്നതിനും പുതിയ സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു. പുതിയ സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നിയമാവലിയുടെയും ചട്ടങ്ങളുടെയും കരട് തയ്യാറാക്കുകയും ആയത് പരിഗണനയിലുമാണ്. |
| ബി) ഇതു സംബന്ധിച്ച നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | | |
| സി) എസ്.എസ്.എ.,ആർ.എം.എസ്.എ സൊസൈറ്റികൾ പിരിച്ചുവിട്ട് പുതിയ സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച നിയമാവലിക്കും ചട്ടങ്ങൾക്കും രൂപം നൽകിയിട്ടുണ്ടോ; | | |

| | | |
|---|---|---|
| ഡി | ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിലെ കാര്യങ്ങൾ പുതിയ എസ്.എസ്.എ.യുടെ കീഴിൽ കൊണ്ടുവരുന്നത് സംസ്ഥാനത്തിന് ഗുണകരമാണോ; ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം അനുവദിക്കുന്ന ഫണ്ടിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ ? | ഡി) അതെ . പ്രൈമറി തലം മുതൽ സെക്കൻററി തലം വരെയുള്ള പ്രവർത്തനങ്ങൾ ഒരു സംവിധാനത്തിൻ കീഴിൽ വരുന്നതോടെ ലാബ്, പഠനോപകരണങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പങ്കുവയ്ക്കുവാൻ സാധിക്കുന്നതുവഴി അക്കാദമിക് നിലവാരം ഉയർത്താനാകും. നടപ്പുവർഷം കേന്ദ്രം അനുവദിക്കുന്ന വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ